# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 517

19.03.2013- ലെ മറുപടിക്ക്

## സഹകരണ ക്ലിനിക്കൽ ലബോറട്ടറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ക്ലിനിക്കൽ ലബോറട്ടറി ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) സഹകരണ ക്ലിനിക്കൽ ലാബുകൾ തുടങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ 19.05.2009-ൽ 20/2009-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കുറഞ്ഞ നിരക്കിൽ കൃത്യതയോടെ ലാബ് ടെസ്റ്റുകൾ ഉന്നതനിലവാരം പുലർത്തുന്ന ഉപകരണങ്ങളുടെ സഹായത്താൽ നിർണ്ണയിക്കുക എന്നതാണ് ഉദ്ദേശലക്ഷ്യം. 24 മണിക്കൂറും ലാബുകൾ പ്രവർത്തിപ്പിക്കണം എന്നതാണ് വിഭാവനം ചെയ്യുന്നത് . |
| സി) ഏതെല്ലാം തലങ്ങളിലാണ് ഇവ ആരംഭിക്കുന്നത്; വിശദമാക്കുമോ; | (സി) നിയമാവലിയിൽ സഹകരണ ലാബുകൾ തുടങ്ങുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള, താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ലാബുകൾ ആരംഭിക്കാവുന്നതാണ്. |
| ഡി) ആരുടെ നേതൃത്വത്തിലാണ് ഇവ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) സഹകരണ ലാബുകൾ ആരംഭിക്കുന്ന സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ